**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം– 695001**

**പത്രക്കുറിപ്പ്**

**കീം–2022**

**കേരളത്തിലെ എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സിലേക്കുള്ള പ്രവേശനം. വിദ്യാർത്ഥികൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വെബ്സൈറ്റിൽ**

2022 ജൂലൈ 04 ന് നടക്കുന്ന കേരള എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സുകളിലേക്കുള്ള പ്രവേശന പരീക്ഷ രാവിലെയും ഉച്ചയ്ക്കുമായിട്ടാണ് നടക്കുന്നത്. പേപ്പർ –1 ഫിസിക്സ് & കെമസ്ട്രി പരീക്ഷ രാവിലെ 10.00 ന് ആരംഭിച്ച് ഉച്ചക്ക് 12.30 ന് അവസാനിക്കുന്നു. പേപ്പർ 2 മാത്തമാറ്റിക്സ് പരീക്ഷ ഉച്ചക്ക് 2.30 ആരംഭിച്ച് വൈകുന്നേരം 5 മണിക്ക് അവസാനിക്കും. കോവിഡ് ബാധിതരായി വിദ്യാർത്ഥികൾ അഡ്മിറ്റ് കാർഡിൽ നൽകിയിരിക്കുന്ന പരീക്ഷാകേന്ദ്രത്തിന്റെ ഫോൺനമ്പരിൽ ബന്ധപ്പെട്ട് വിവരം ധരിപ്പിക്കേണ്ടതാണ്. അവർക്കായി പ്രത്യേകം സൗകര്യം പരീക്ഷാകേന്ദ്രത്തിൽ ഉണ്ടായിരിക്കുന്നതാണ്. പരീക്ഷ നടക്കുന്ന ജൂലൈ 4 (തിങ്കൾ) പ്രവർത്തി ദിവസമായതിനാൽ നിരത്തിൽ ഗതാഗതക്കുരുക്ക് ഉണ്ടാകാൻ സാധ്യത ഉള്ളതിനാൽ പരീക്ഷാകേന്ദ്രത്തിൽ നേരത്തെ എത്താനുള്ള ക്രമീകരണങ്ങൾ നടത്താൻ വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്. പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ് സൈറ്റിലെ കാൻഡിഡേറ്റ് പോർട്ടലിലെ' Notification' എന്ന മെനുവിൽ നൽകിയിട്ടുള്ള വിദ്യാർത്ഥികൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളും അഡ്മിറ്റ് കാർഡിലെ നിർദ്ദേശങ്ങളും ശ്രദ്ധിക്കുക.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.07.02 16:53:04 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**02/07/2022**